ഡെപ്യൂട്ടി സ്പീക്കർ: ഓരോ മെമ്പക്കും പറയാനുള്ള അവസരമുണ്ട്. ചില തൊക്കെ അവാസ്തവങ്ങളായിരിക്കാം, ശരിയായ കാര്യങ്ങളല്ലായിരിക്കാം. അതിന്റെയെല്ലാം രേഖകൾ കാണും. ഇപ്പോൾ ഒരു റൂളിംഗും ഞാൻ നൽകുന്നില്ല. ഒന്നും മാറേണ്ട പ്രശ്നവുമില്ല.

3. ADJOURNMENT MOTION

CLASH BETWEEN TWO GROUPS OF PEOPLE IN NEDUPUZHA IN TRICHUR

ഡെപ്യൂട്ടി സ്പീക്കർ: തൃശ്ശൂർ ഡിസ്ട്രിക്ടിലുള്ള നെടുപുഴ എന്ന സ്ഥലത്തു വച്ച് മാർക്സിസ്റ്റുപാർട്ടിക്കാരെന്നറിയപ്പെടുന്ന ചിലരും ഹരിജനങ്ങളും തമ്മിലുണ്ടായ സംഘട്ടനത്തെ തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ചു ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. കരുണാകരൻ, കെ. എം. ജോർജ്ജ്, പി. പി. ജോർജ്ജ് എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: നെടുപുഴയിൽ.....

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഞാൻ ഒരു ഉപചോദ്യം ചോദിക്കാൻ സമയമാവശ്യപ്പെട്ടിട്ടുണ്ട്, തന്നില്ല.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ, ബഹുമാനപ്പെട്ട മന്ത്രിയെ ഈ പ്രമേയത്തെക്കുറിച്ചു വിവരമറിയിക്കാൻ ക്ഷണിച്ചിരിക്കുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ഇങ്ങനെയാണ് റൂളിംഗ് നൽകുന്നതെങ്കിൽ.....

ശ്രീ. ബി. മാധവൻ നായർ: സർ, രണ്ടുപേരും എഴുന്നേറ്റു നിൽക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ശിവരാമഭാരതിയെപ്പോലുള്ളവർ ഇങ്ങനെ പറയുന്നതു ബുദ്ധിമുട്ടാണ്.

(Shri K. A. Sivarama Bharathi walked out of the House)

ശ്രീ. എം. കെ. കൃഷ്ണൻ: സർ, കഴിഞ്ഞ 3-ാം തീയതി ഒരു യോഗത്തിൽ പങ്കെടുത്തുകൊണ്ടിരുന്നു തിരിച്ചു പോകുന്ന അവസരത്തിൽ കോൺഗ്രസ് അനുകൂലികൾ എന്നു പറയുന്ന ആളുകൾ ആക്രമിക്കുകയും അതിന്റെ ഫലമായി എട്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. അവർ ജില്ലാ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. സംഘർഷാവസ്ഥയൊന്നും നിലവിലില്ല. സംഭവം അറിഞ്ഞയുടനെ ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി. സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണാധീനമാണ്. അടിയന്തിര പരിതഃസ്ഥിതിയൊന്നും നെടുപുഴയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ബഹു. മന്ത്രി പറഞ്ഞ മറുപടി ശരിയല്ല, സത്യത്തിനുവിരുദ്ധമാണു്. ഡിപ്പാർട്ടുമെൻറിൽ നിന്നു കിട്ടിയ അറിവു ശരിയല്ല, പരിശോധിക്കണം. ഞാൻ അവിടെപോയി അന്വേഷിച്ച കാര്യമാണു്. പുറമേ നിന്നു് ആരെയും അവിടെ കടത്തിവിട്ടന്നില്ല. മുനിസിപ്പൽ ചെയർമാൻ ശ്രീ. വിശ്വനാഥനെപ്പോലും കടത്തിവിട്ടിട്ടില്ല. ശ്രീ. ബാലകൃഷ്ണൻറെ വീടിൻറെ മുൻഭാഗം പൊളിഞ്ഞുകിടക്കുകയാണു്. കുട്ടികളും സ്ത്രീകളും നിലവിളിക്കുകയായിരുന്നു. വീടു് ആക്രമിച്ച ആളുകളെ അറസ്റ്റു ചെയ്തിട്ടില്ല. വീടു് ആക്രമിക്കപ്പെട്ടവരെ രക്ഷിക്കാൻ ചെന്നവരെ അറസ്റ്റുചെയ്തു കസ്റ്റഡിയിൽ വച്ചിരിക്കുകയാണു്. വീടാക്രമിച്ചവരെ പിടിക്കാതിരിക്കുക, രക്ഷിക്കാൻ ചെന്നവരെ അറസ്റ്റു ചെയ്യുക, ആരെയും അവിടെ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുക ഇതാണു് ചെയ്തിരിക്കുന്നതു്. സർ, ജീവൻ പണയം വച്ചാണു് ഞാൻതന്നെ അവിടെ ചെന്നതു്. അതുകൊണ്ടു മിനിസ്റ്റർ പറഞ്ഞ കാര്യങ്ങൾ ശരിയല്ല. ഗൗരവതരമായ സ്ഥിതിവിശേഷം അവിടെയുണ്ടു്. ആക്രമിക്കപ്പെട്ട ആളുകളെ അറസ്റ്റു ചെയ്യുകയും ആക്രമികളെ അറസ്റ്റു ചെയ്യാതിരിക്കുകയും ചെയ്ത സ്ഥിതിവിശേഷമാണു്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഇതു് ശ്രീ. കരുണാകരൻറെ വെർഷൻ ആണു്. എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകളനുസരിച്ചു് ശ്രീ. കരുണാകരൻ പറഞ്ഞ കാര്യങ്ങൾ ശരിയല്ല.

ഡെപ്യൂട്ടി സ്പീക്കർ: ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഞാൻ അടിയന്തിര പ്രമേയത്തിനു് അനുമതി നിഷേധിക്കുകയാണു്.

4. CALLING ATTENTION UNDER RULE 61

LOCK-OUT IN THE TRANSFORMERS AND CHEMICALS, KERALA LTD. ANKAMALY

ഡെപ്യൂട്ടി സ്പീക്കർ: റൂൾ 61 അനുസരിച്ചു്, അങ്കമാലിയിലുള്ള ട്രാൻസ്ഫോമേഴ്സ് ആൻഡ് എലക്ട്രിക്കൽസ് കേരള ലിമിറ്റഡിൻറെ മാനേജ്മെൻറു് ലോക്കൗട്ടു് പ്രഖ്യാപിച്ചിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി ഗവണ്മെൻറിൻറെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു് ശ്രീ. എ. പി. കുര്യൻ നോട്ടീസ് നൽകിയിട്ടുണ്ടു്.

ശ്രീ. എ. പി. കുര്യൻ: സർ, അങ്കമാലിയിലുള്ള ട്രാൻസ്ഫോമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് ഫാക്ടറിയിൽ കഴിഞ്ഞമാസം 1-ാം തീയതി മുതൽ പണിമുടക്കു സമരം നടന്നുകൊണ്ടിരിക്കുകയായിരുന്നു. 36 ദിവസം ഇതിനകം നീണ്ടുപോയിട്ടുള്ള പണിമുടക്കിനാധാരമായ പ്രധാനപ്പെട്ട വസ്തുതകളും അവിടെയുള്ള മുഴുവൻ തൊഴിലാളികളെയും പ്രതിനിധീകരിക്കുന്ന 'ടെൽക്കു' എംപ്ലോയീസ് യൂണിയൻ ഏതാനുംമാസം മുൻപു് മാനേജ്മെൻറിനെ അറിയിച്ചിട്ടുണ്ടു് ; അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവു വരുത്തുന്നതടക്കമുള്ള കുറെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു അവർ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇതു സംബന്ധിച്ചു് വളരെ നീണ്ട കൂടിയാലോചനകൾക്കുശേഷം, ആ കൂടിയാലോചനകൾ എല്ലാം പരാജയപ്പെട്ടു് ഒരു ഗത്യന്തരവും ഇല്ലാത്ത ഘട്ടത്തിലാണു് തൊഴിലാളികൾ പണിമുടക്കിനു് തയ്യാറായതു്. സമാധാനപരമായി പണിമുടക്കു നടന്നുകൊണ്ടിരിക്കുമ്പോൾ 3-ാം തീയതി ടെൽക്കു് കമ്പനി ലോക്കൗട്ടു് പ്രഖ്യാപിച്ചിരിക്കുകയാണു്. ലോക്കൗട്ടു് പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly